## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.51. 06.02.2013 ൽ മറുപടിയ്ക്ക്

## പ്രവേശന നികുതി ഏകീകരണം

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>,, പി. കെ. ബഷീർ<br>,, കെ. എം. ഷാജി<br>,, അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) അന്യസംസ്ഥാന വാഹനങ്ങൾക്ക് സംസ്ഥാനം ചുമത്തുന്ന പ്രവേശന നികുതിയിലും, സംസ്ഥാനത്തു നിന്നുള്ള വാഹനങ്ങൾക്ക് അന്യ - സംസ്ഥാനങ്ങൾ ചുമത്തുന്ന നികുതിയിലും വൻ അന്തരമുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തിന് വരുമാന നഷ്ടമുണ്ടാകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. |
| (സി) അധികപ്രവേശനനികുതി സംസ്ഥാനാന്തര യാത്രക്കാരിൽ കുറവു വരുത്തുന്നുണ്ടോ, മറ്റു സംസ്ഥാന മോട്ടോർവാഹന വകുപ്പുകളുമായി കൂടി - യാലോചിച്ച് നികുതി നിരക്കിൽ ഏകീകരണ- ത്തിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | അധിക പ്രവേശനനികുതി കർണ്ണാടക - ത്തിലേയ്ക്കുള്ള സംസ്ഥാനാന്തര യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി ബഹു: കേരള മുഖ്യമന്ത്രി കർണ്ണാടക മുഖ്യമന്ത്രിയ്ക്ക് നേരിട്ട് കത്ത് നൽകിയിരുന്നു. എന്നാൽ നിലവിലുള്ള കർണ്ണാടക ടാക്സേഷൻ നിയമത്തിൽ തൽക്കാലം മാറ്റം വരുത്തുവാൻ സാധിക്കുകയില്ല എന്നാണ് കർണ്ണാടകസർക്കാർ അറിയിച്ചിട്ടുള്ളത്. കേരളത്തിൽ രജിസ്റ്റർ ചെയ്ത് മറ്റു സംസ്ഥാനങ്ങളിൽ പ്രവേശിക്കുന്ന വാഹനങ്ങൾക്ക് ചുമത്തുന്ന പ്രവേശന |

| | | |
|---|---|---|
| | | നികുതിയ്ക്ക് തുല്യമായ നികുതി, മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന വാഹനങ്ങൾക്കും ചുമത്തുന്നതിനായി 1976- ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള കരടുബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.